ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ നികുതിയിളവുകൾ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം ആയി സമർപ്പിക്കുന്നു. പ്രസ്തുത നികുതിയിളവുകൾമൂലം നികുതി വരുമാനത്തിലുണ്ടായ കുറവ് സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) നികുതിയിളവ് നൽകേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് നികുതിയിളവുകൾ സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) കേരള വിൽപ്പന നികുതി നിയമപ്രകാരം കയറ്റുമതി ചെയ്യുന്ന സാധനങ്ങൾക്ക് നികുതി ഈടാക്കുന്നില്ല. ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾ, പ്രവേശന നികുതി നിയമത്തിലെ പട്ടികയിൽപ്പെടുന്നതാണെങ്കിൽ പ്രവേശന നികുതി ഈടാക്കുന്നതാണ്.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വിൽക്കുകയോ സപ്ലൈ ചെയ്യുകയോ ചെയ്യുന്ന സാധനങ്ങൾക്ക് 1-1-1994 മുതൽ 31-3-1995 വരെയുള്ള കാലയളവിൽ 4% നികുതയായി കുറയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ട്.

വിൽപ്പന നികുതി വരുമാനം

9 [5463] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും ഓരോ ജില്ലയിലെയും വിൽപ്പന നികുതി വരുമാനം എന്തു തുക വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവുകളിൽ ഓരോ ജില്ലയിൽനിന്നും പിരിച്ചെടുക്കേണ്ടിയിരുന്ന തുക എത്രവീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം വിൽപ്പന നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അവ എന്തു തുകവീതം ഏതൊക്കെ ഇനങ്ങളിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിൽപ്പന നികുതി വരുമാനം അനുബന്ധമായി ചേർക്കുന്നു.††

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.¶

(സി) മേൽപ്പറഞ്ഞ കാലയളവുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം വിൽപ്പന നികുതിയിനത്തിൽ ഉണ്ടായ വ്യത്യാസം അനുബന്ധമായി ചേർക്കുന്നു.§ മൊത്ത വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. 3.31 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി അവലോകന-റിവ്യൂ യോഗങ്ങൾ

10 [5464] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
†† അനുബന്ധം IV (a)
¶ അനുബന്ധം IV (b)
§ അനുബന്ധം IV (c)

LIBRARY ARCHIVES Kerala Legislative Assembly

(എ) നികുതി പിരിക്കുന്നതിനും ഊർജ്ജിതമായി നികുതി ചോർച്ച തടയുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നികുതി ചോർച്ച നടക്കുന്നതുമായി ബന്ധപ്പെട്ട് പ്രമുഖപത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) നികുതി പിരിവിന്റെ പ്രവർത്തനങ്ങൾക്ക് മുഖ്യപങ്ക് വഹിക്കേണ്ടത് ജില്ലകളിൽ കളക്ടർമാരാണോ; ഇതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലകളിൽ നികുതിപിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി അവലോകന-റിവ്യൂ യോഗങ്ങൾ മാസംതോറും നടത്താറുണ്ടോ;

(ഇ) ഈ യോഗങ്ങളുടെ റിപ്പോർട്ടുകൾ സർക്കാർ പരിശോധിക്കാറുണ്ടോ;

(എഫ്) നികുതി പിരിവ് കർശനമായി നടപ്പിലാക്കുന്നതിനും ചോർച്ച ഫലപ്രദമായി തടയുന്നതിനും റവന്യൂ, പോലീസ് വകുപ്പുകളുമായി ധനകാര്യ വകുപ്പ് യോജിച്ച് പ്രവർത്തനങ്ങൾക്ക് സംവിധാനം ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുകയും വാഹനങ്ങളും വ്യാപാര സ്ഥാപനങ്ങളും പരിശോധന നടത്തുകയും ചെയ്യുന്നു. വാഹനങ്ങളിൽ കടത്തിക്കൊണ്ടു പോകുന്ന ചരക്കുകൾ വാഹനം തടഞ്ഞുനിർത്തി പരിശോധിച്ച് രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് സെക്യൂരിറ്റി ഈടാക്കുന്നു. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചുകൾ ശക്തിപ്പെടുത്തി പാർസൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നു. റെയിൽവേ സ്റ്റേഷനുകൾ വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. നികുതി വെട്ടിപ്പ് സംബന്ധിച്ച വിവരം ലഭിച്ചുകഴിഞ്ഞാൽ വിൽപ്പന നികുതി നിയമത്തിലെ റൂൾ 26 പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നു. ഓഫീസുകളിലെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് കമ്മീഷണർ ഓഫീസിൽനിന്നും പ്രത്യേക ഇൻസ്പെക്ഷൻ സ്കാഡുകൾ രൂപീകരിച്ച് ഓഫീസുകളിലെ റിക്കാർഡുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നു. കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ കമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകൾ വിവിധ ജില്ലകളിലായി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ചെക്ക്പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടുപിടിച്ച് ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. തീരുമാനിച്ചിട്ടില്ല.

(സി) വിൽപ്പന നികുതി പിരിവിന്റെ പ്രവർത്തനങ്ങൾക്ക് ജില്ലകളിൽ മുഖ്യപങ്ക് വഹിക്കുന്നത് വിൽപ്പന നികുതി ഡെപ്യൂട്ടി കമ്മീഷണർമാരാണ്. എന്നാൽ റവന്യൂ റിക്കവറി നടപടികളുള്ള കേസ്സുകളിൽ ജില്ലാ കളക്ടർമാർ റവന്യൂ ഉദ്യോഗസ്ഥർ മുഖാന്തിരം നികുതി പിരിവ് നടത്താറുണ്ട്. നികുതി പിരിവുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് റവന്യൂ വകുപ്പിൽനിന്നും വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടത്താറുണ്ട്.

(ഇ) പരിശോധിക്കാറുണ്ട്.

(എഫ്) ഉണ്ട്. വിൽപ്പന നികുതി വകുപ്പിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ സഹായത്തോടെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാറുണ്ട്. കട പരിശോധന നടത്തുന്നതിനും ചെക്ക്പോസ്റ്റുകളിൽ നികുതി വെട്ടിപ്പ് ഉണ്ടാകുമ്പോഴും പോലീസിന്റെ സഹായവും സ്വീകരിക്കാറുണ്ട്. വിൽപ്പന നികുതി ഉദ്യോഗസ്ഥർ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നികുതി നിയമത്തിന്റെ പരിധിയിൽനിന്ന് എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

വിൽപ്പന നികുതി കേസ്സുകൾ കാലതാമസം കൂടാതെ തീർക്കുന്നതിന് അപ്പലേറ്റ് ട്രൈബ്യൂണലുകൾ ആരംഭിക്കുവാൻ നടപടികൾ

11 [5465] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം മൂലം സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നതായി കരുതുന്നുണ്ടോ;

(ബി) നിലവിൽ ഒരു ലക്ഷത്തിന് മുകളിൽ സർക്കാരിന് ലഭിക്കേണ്ട എത്ര കേസ്സുകളാണ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) വിൽപ്പന നികുതി കേസ്സുകൾ കാലതാമസം കൂടാതെ തീർക്കുന്നതിന് കൂടുതൽ അപ്പലേറ്റ് ട്രൈബ്യൂണലുകൾ ആരംഭിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാനുണ്ടായിരുന്ന കേസ്സുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ സാധിച്ചതുകൊണ്ട് കേസ്സുകൾ തീർപ്പാക്കുന്നതിൽ ഇപ്പോൾ കാലതാമസം ഉണ്ടാകാറില്ല. അതിനാൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നതായി കരുതുന്നില്ല.

(ബി) തർക്കവിഷയമായ നികുതി സംഖ്യ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന 1,391 കേസ്സുകളാണ് നിലവിൽ തീർപ്പാക്കാൻ ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ളത്.

(സി) ഫയൽ ചെയ്യപ്പെടുന്ന അപ്പീലുകളുടെ എണ്ണത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി കാര്യമായ വർദ്ധനവ് ഉണ്ടാകാത്ത സാഹചര്യത്തിലും തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്ന അപ്പീലുകളുടെ എണ്ണം ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചതിനാലും പുതുതായി ട്രൈബ്യൂണലുകൾ ആരംഭിക്കേണ്ട ആവശ്യമില്ല.

അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന കോഴിക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രവേശന നികുതി

12 [5466] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly